കേരള സർവ്വകലാശാല കക്ഷിയായുള്ള കേസുകൾ

47 (3688) ശ്രീ. തമ്പാനൂർ രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കേരള സർവ്വകലാശാല കക്ഷിയായി എത്ര കേസുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട് ; ഇതിൽ സർവ്വകലാശാല വാദിയായും പ്രതിയായും എത്ര വീതം കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ 4 വർഷത്തിനുള്ളിൽ സർവ്വകലാശാലക്ക് അനുകൂലമായും പ്രതികൂലമായും എത്ര കേസുകളിൽ വിധി വന്നിട്ടുണ്ട് ;

(സി) ഹൈക്കോടതിയിലെ കേസുകൾക്കായി യൂണിവേഴ്സിറ്റി സ്റ്റാന്റിംഗ് കോൺസിലിനെ കൂടാതെ എത്ര കേസുകൾക്ക് സീനിയർ അഭിഭാഷകരെ ചുമതലപ്പെടുത്തിയിട്ടുണ്ട് ;

(ഡി) ഇവർക്കായി കഴിഞ്ഞ 4 വർഷം എത്ര രൂപ ഫീസിനത്തിൽ ചെലവായിട്ടുണ്ട് ;

(ഇ) സ്റ്റാന്റിംഗ് കോൺസലിന് ഫീസായി ഇക്കാലയളവിൽ മൊത്തം എത്ര രൂപ നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) 847 കേസുകൾ.

വാദി	–	1
പ്രതി	–	846

(ബി) 361 കേസുകളിൽ അനുകൂലമായും 21 കേസുകളിൽ പ്രതികൂലമായും വിധി വന്നിട്ടുണ്ട്.

(സി) 5 കേസുകൾക്ക് സീനിയർ അഭിഭാഷകരെ ചുമതലപ്പെടുത്തിയിട്ടുള്ളതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഡി) 15,000 രൂപ

(ഇ) 19-12-1995 മുതൽ 24-12-1999 വരെയുള്ള കാലയളവിൽ 9,53,250 രൂപ ഫീസിനത്തിൽ നൽകിയിട്ടുണ്ട്.

യൂണിവേഴ്സിറ്റികൾ നേരിട്ട് നടത്തുന്ന സെൽഫ് ഫൈനാൻസിംഗ് ട്രെയിനിംഗ് കോളേജുകൾ

48 (3689) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ യൂണിവേഴ്സിറ്റികൾ നടത്തുന്ന സെൽഫ് ഫൈനാൻസിംഗ് ട്രെയിനിംഗ് കോളേജുകൾ എത്ര എണ്ണം ഉണ്ട് ; എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കോളേജുകളിൽ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ സൗത്ത് സോണിന്റെ അംഗീകാരം നിഷേധിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കോളേജുകൾക്ക് സ്ഥിരാംഗീകാരം നേടിക്കൊടുക്കാൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് സർവകലാശാല നേരിട്ട് നടത്തുന്ന ആറ് ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകൾ ഉണ്ട്. അവ താഴെ പറയുന്നവയാണ്.

1. ടീച്ചർ എഡ്യൂക്കേഷൻ സെന്റർ - തളിപ്പറമ്പ് - കോട്ടയം
2. ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, കൊടുവായൂർ - പാലക്കാട്
3. ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, കണിയാമ്പാറ - വയനാട്
4. ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, മഞ്ചേരി - മലപ്പുറം
5. ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, ഒല്ലൂർ - തൃശ്ശൂർ
6. ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, വടകര

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ കീഴിൽ സെൽഫ് ഫൈനാൻസിംഗ് ട്രെയിനിംഗ് കോളേജുകൾ ഒന്നുമില്ല. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ കണ്ണൂർ, കാസർകോഡ്, മാനന്തവാടി എന്നീ സ്ഥലങ്ങളിൽ യൂണിവേഴ്സിറ്റി നേരിട്ടു നടത്തുന്ന ബി. എഡ്. സെന്ററുകൾ ഉണ്ട്. കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ 10 ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകൾ ഉണ്ട്. അവ താഴെ പറയുന്നവയാണ്.

1. തിരുവനന്തപുരം
2. ആലപ്പുഴ
3. അടൂർ
4. കൊല്ലം
5. ഓലത്താന്നി
6. കുളക്കട
7. അഞ്ചൽ
8. കായംകുളം
9. താമരക്കുളം
10. കഴക്കൂട്ടം.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെയും എം.ജി. സർവകലാശാലയുടേയും വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. സെന്ററുകളുടെ സ്ഥലപരിമിതി, ലൈബ്രറികളുടേയും ലാബോറട്ടറികളുടേയും അപര്യാപ്തത, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:10 ഇല്ലാതിരിക്കുക എന്നീ കാരണങ്ങളാലാണ് ഇവരുടെ അംഗീകാരം നിഷേധിക്കപ്പെട്ടത്.

(സി) എൻ. സി. ടി. ഇ. അധികാരികളുമായി സർക്കാർ പ്രതിനിധി ഇക്കാര്യം ചർച്ചചെയ്യുകയും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:10 എന്ന നിർദ്ദേശം പാലിക്കാത്ത ഒറ്റക്കാരണത്താൽ അംഗീകാരം പിൻവലിക്കുന്നതല്ലെന്ന് എൻ. സി. ടി. ഇ. ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്. മറ്റു നിബന്ധനകൾ പാലിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുന്നതിന് സർവ്വകലാശാലകൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടാമ്പി സംസ്കൃതകോളേജ്

49 (3690) ശ്രീ. വി. കെ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും, മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പട്ടാമ്പി നീലകണ്ഠ ഗവൺമെന്റ് സംസ്കൃത കോളേജിൽ നിന്നും പ്രീഡിഗ്രി സംസ്കൃതം (ഗ്രൂപ്പ് 4) എടുത്തു മാറ്റുന്നുണ്ടോ ;

(ബി) പട്ടാമ്പി സംസ്കൃത കോളേജിന് അടുത്ത് പട്ടാമ്പി, തൃത്താല, കുന്നംകുളം, ചെർപ്പുളശ്ശേരി തുടങ്ങിയ പ്രദേശങ്ങളിൽ വരുന്ന ഏതൊക്കെ സ്കൂളുകളിലാണ് സംസ്കൃതം പ്രധാന വിഷയമായി വരുന്ന പ്ലസ്ടു കോഴ്സ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പ്രദേശങ്ങളിലൊന്നും തന്നെ പ്ലസ്ടു തലത്തിൽ സംസ്കൃതം ഐച്ഛിക വിഷയമായി വരുന്ന പ്ലസ്ടു കോഴ്സ് അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ സാഹചര്യത്തിൽ പ്രീഡിഗ്രി - സംസ്കൃതം (ഗ്രൂപ്പ് 4) കോളേജുകളിൽ തന്നെ നിലനിർത്താൻ ആലോചിക്കുമോ ?

ഉത്തരം

(എ) പ്രീഡിഗ്രി പൂർണ്ണമായും കോളേജുകളിൽ നിന്നും എടുത്തു മാറ്റുന്നതോടെ പട്ടാമ്പി സംസ്കൃത കോളേജിലെയും പ്രീഡിഗ്രി ഗ്രൂപ്പ് മാറ്റേണ്ടതായി വരും.

(ബി & സി) സംസ്കൃതം പ്രധാനവിഷയമായി വരുന്ന പ്ലസ്ടു ഗ്രൂപ്പ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഇപ്പോൾ ആരംഭിച്ചിട്ടില്ല.

(ഡി) പ്രീഡിഗ്രി പൂർണ്ണമായും കോളേജുകളിൽ നിന്ന് വേർപ്പെടുത്തുമ്പോൾ പ്രീഡിഗ്രി സംസ്കൃതം (ഗ്രൂപ്പ് 4) കോളേജിൽ നിലനിർത്തുന്നത് പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly